കേന്ദ്രഗവൺമെന്റിന് അയച്ചിട്ടുണ്ട്. ഇവയുടെ ലിസ്റ്റ് അനുബന്ധമായി † വച്ചിരിക്കുന്നു.

(ഡി)&(ഇ) അധിക സാമ്പത്തിക ബാധ്യത വരുന്ന ആനുകൂല്യങ്ങൾ നൽകുവാനുള്ള പദ്ധതികൾ ഏറ്റെടുക്കാൻ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിമൂലം സർക്കാരിനു നിർവാഹമില്ല. ദേശീയ വ്യവനയം സംസ്ഥാനത്ത് നടപ്പാക്കുംമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

7 (*427) പൊതുമേഖലയിലെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് എക്സിബിഷൻ

ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ടി.പി. ബാലൻ വൈദ്യർ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ വ്യവസായത്തെ ആഗോളതലത്തിൽ പ്രാപ്തമാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിന് അന്താരാഷ്ട്രതലത്തിൽ എക്സിബിഷൻ സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ, ഇതിനകം ഏതെല്ലാം രാജ്യങ്ങളിലാണ് വ്യാവസായിക ഉല്പന്ന പ്രദർശനങ്ങളും മറ്റും സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ വ്യവസായങ്ങളുടെ ആധുനികവൽക്കരണവും വൈവിദ്ധ്യവൽക്കരണവും ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വിശദവിവരങ്ങൾ അനുബന്ധം-1† ൽ കൊടുത്തിരിക്കുന്നു.

(ബി) അന്താരാഷ്ട്ര എക്സിബിഷനുകളിൽ പങ്കെടുത്തിട്ടുണ്ട്.

(സി) ഈജിപ്റ്റ്, വിയറ്റ്നാം, ജർമ്മനി, മൗറിഷ്യസ് എന്നീ രാജ്യങ്ങളിൽ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. ഈ മാസം 10-ാം തീയതി മുതൽ ശ്രീലങ്കയിലെ കൊളംബോയിലും ഉല്പന്നങ്ങളുടെ പ്രദർശനം നടക്കുന്നുണ്ട്.

---

† അനുബന്ധം II
† അനുബന്ധം III (1-3)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നേട്ടങ്ങൾ വിശദമായി അനുബന്ധം-2† ൽ കൊടുത്തിട്ടുണ്ട്.

(ഇ) ഉണ്ട്. പദ്ധതി വിശദമായി അനുബന്ധം-3† ൽ കൊടുത്തിരിക്കുന്നു.

8 (*428) കശുവണ്ടി മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിക്കാൻ വിദഗ്ദ്ധ സമിതി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. രാഘവൻ :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്താൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയുടെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന കശുവണ്ടി മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് സമിതി മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിവസങ്ങൾ നൽകുന്നതിന് എന്തെങ്കിലും നിർദ്ദേശം മുന്നോട്ടുവച്ചിരുന്നുവോ; എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങൾ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാപ്പെക്സ്, കാഷ്യൂ കോർപ്പറേഷൻ എന്നിവയിലൂടെ ഓരോ വർഷവും എത്ര തൊഴിൽ ദിനങ്ങൾ വീതം നൽകാൻ സാധിച്ചെന്ന് വെളിപ്പെടുത്തുമോ;

(ജി) ആഭ്യന്തര വിപണിയിൽനിന്നും കൂടുതൽ തോട്ടണ്ടി സംഭരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) കാഷ്യൂ കോർപ്പറേഷന്റെ പ്രവർത്തനലാഭം വർദ്ധിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഐ) കോർപ്പറേഷന്റെ വാല്യൂ ആഡഡ് ഉല്പന്നങ്ങളുടെ വിപണനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

---

† അനുബന്ധം III (1-3)
1147/2010.

LIBRARY ARCHIVES Kerala Legislative Assembly

3.	Sachidananda Prakrithi Kshetram Trust, Pottenplavu.P.O Kannur	..	Rs. 21,12,000
4.	Snehabhavan St. Stephens Charitable Society, Areyandgod P.O. Alenchery, Kannur	..	Rs. 5,00,000
5.	Hind Navothana Prathistan Wadakkancherry, Thrissur	..	Rs.30,00,000
6.	Noorul Islam Orphanage, Alampady.P.O., Alampady, Kasargod.	..	Rs. 30,00,000
7.	Dale View, Punalal, Thiruvananthapuram	..	Rs. 22,95,000
8.	Kerala State Service Pensioners Union, Ollurkara, Thrissur	..	Rs. 25,50,000
9.	Meledi Block Panchayat, Kozhikode	..	Rs. 30,00,000
10.	Perpetual Succour Charitable Trust, Maradu, Ernakulam	..	Rs. 30,00,000
11.	Association for the Welfare of the Handicapped, S.M.Street, Kozhikode Programmes relatingto aged	..	Rs. 2,12,625
12.	-do-	..	Rs. 1,12,320
13.	Karuna Bhavan Social Centre, Sreemoolanagar, Ernakulam	..	Rs. 1,94,850

അനുബന്ധം-III-(1)

13-3-2000 ലെ ചോദ്യം 7 (*427) എ യുടെ ഉത്തരം കാണുക

കേരളത്തിലെ പൊതുമേഖലാ വ്യവസായത്തെ ആഗോളതലത്തിൽ പ്രാപ്തമാക്കാനുള്ള വിവിധ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ടെക്നോളജി എക്സ്ചേഞ്ച് ആന്റ് പ്രൊമോഷൻ പരിപാടി അനുസരിച്ച് കെ.എസ്.ഐ.ഡി.സി.യും കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനും, ഏഷ്യാ പസഫിക് സെന്റർ ഫോർ ടെക്നോളജി ട്രാൻസ്ഫർ, ഇന്ത്യൻ ഇൻവെസ്റ്റ്മെന്റ് സെന്റർ, ബ്രിട്ടീഷ് എംബസി, നെതർലാൻഡ് എംബസി, കൊറിയൻ എംബസി, സിംഗപ്പൂർ ട്രേഡ് ഡെവലപ്പ്മെന്റ് ബോർഡ്, ജപ്പാൻ എക്സ്പോർട്ട് ട്രേഡ് ഓർഗനൈസേഷൻ (ജട്രോ) എന്നിവയുമായി ചേർന്നാണ് പല പദ്ധതികൾക്കും രൂപം നൽകിയിട്ടുള്ളത്.

വിദേശ വ്യവസായ പ്രമുഖരെയും സാങ്കേതിക വിദഗ്ദ്ധരെയും കേരളത്തിലേയ്ക്ക് ക്ഷണിച്ച് ചർച്ച നടത്തി പുതിയ കൂട്ടുകെട്ടുകൾക്ക് രൂപം നൽകുകയും ചെയ്തുവരുന്നു. നൂതന സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനും വൈവിധ്യവൽക്കരണത്തിനുമായി അന്താരാഷ്ട്രതലത്തിൽ വ്യാവസായിക-വാണിജ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്രദർശന-വിപണന മേളകളിൽ പങ്കെടുക്കുന്നു. ഇതുമൂലം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ വിപണി കണ്ടെത്തുവാനും അന്താരാഷ്ട്രതലങ്ങളിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനും അതനുസരിച്ചുള്ള ഉല്പാദന വിപണന തന്ത്രങ്ങൾ രൂപപ്പെടുത്തുവാനും നമ്മുടെ വ്യവസായങ്ങൾക്ക് അവസരങ്ങൾ ലഭിക്കുന്നു. വ്യവസായികളോടൊപ്പം സർക്കാർ തലത്തിൽ വിദേശ പര്യടനങ്ങൾ നടത്തി ആധുനിക സാങ്കേതികവിദ്യ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അനുബന്ധം III-(2)

13-3-2000 ലെ ചോദ്യം 7 (*427) (ഡി) യുടെ ഉത്തരം കാണുക

അനുബന്ധം (2)

(ഡി)യുടെ ഉത്തരം

അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കുക വഴി വ്യവസായ സ്ഥാപനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും പല നേട്ടങ്ങളും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. വിദേശ വിപണിയെക്കുറിച്ചും അവിടത്തെ വ്യാപാര-വിപണന രീതികളെക്കുറിച്ചും നേരിട്ടു മനസ്സിലാക്കുവാനുള്ള അവസരം ലഭിക്കുക എന്നതാണ് പ്രധാന നേട്ടം. അതിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ ഉല്പന്നങ്ങളിലും ഉല്പാദന രീതികളിലും വിപണന തന്ത്രങ്ങളിലും ആവിഷ്ക്കരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് നേരിട്ടുമനസ്സിലാക്കുവാനും കാലാനുസൃതമായി അവനടപ്പിലാക്കുവാനും കഴിയുന്നു.

അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കുകവഴി ഉണ്ടാകുന്ന നേട്ടം ഉടൻതന്നെ വിലയിരുത്തുക സാദ്ധ്യമല്ല. മിക്കപ്പോഴും ഒരു പ്രദർശനത്തിൽ പങ്കെടുത്ത് വളരെനാൾ കഴിഞ്ഞായിരിക്കും പ്രത്യക്ഷമായി കയറ്റുമതി ഓർഡറുകൾ ലഭിക്കുവാൻ തുടങ്ങുന്നത്. എന്നിട്ടുകൂടി, ഈജിപ്തിലെ കെയ്റോയിൽ നടന്ന പ്രദർശനത്തിൽ പങ്കെടുത്തതു വഴി കേരള സംസ്ഥാന കയർ കോർപ്പറേഷന്, ഈജിപ്തിലേയ്ക്ക് കയർ ഉത്പന്നങ്ങളുടെ ഓർഡർ ലഭിച്ചു. കൂടാതെ ട്രാവൻകൂർ റയോൺസ് തുടങ്ങി പല കമ്പനികൾക്കും കയറ്റുമതി ഓർഡറുകൾ ലഭിക്കുകയുണ്ടായി. വിയറ്റ്നാമിലെ ഹാനോയിൽ നടന്ന പ്രദർശനത്തിൽ പങ്കെടുത്തതു വഴി ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ് (ടെൽക്) ന് എട്ടുകോടി രൂപയുടെ കയറ്റുമതി ഓർഡർ ലഭിച്ചു. കൂടാതെ, ഫ്രാങ്ക്ഫർട്ടിലെ ഹിം ടെക്സ്റ്റിൽ ഫെയറിൽ കേരളത്തിൽ നിന്നും പങ്കെടുത്ത കയറ്റുമതി ഉത്പാദകർ, തിരിച്ചെത്തി വളരെ പ്രോത്സാഹജനകമായ റിപ്പോർട്ടാണ് നൽകിയിരിക്കുന്നത്.

അനുബന്ധം III-(3)

13-3-2000 ലെ ചോദ്യം 7 (*427) (ഇ) യുടെ ഉത്തരം കാണുക

അനുബന്ധം (3)

(ഇ) യുടെ ഉത്തരം

സംസ്ഥാനത്തെ വ്യവസായങ്ങളുടെ ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ട് സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണ്. ചെറുകിട വ്യവസായ മേഖലയിലെ ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനും കൂടി സഹായകരമായി സർവ്വകലാശാ

LIBRARY ARCHIVES Kerala Legislative Assembly

ലാ-വ്യവസായ ബന്ധ സ്കീമിൽ (ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് സ്കീം) പെടുത്തി വിവിധ മേഖലകൾക്കുവേണ്ടി ആറു പ്രോജക്ടുകൾ ആരംഭിച്ചു. കൂടാതെ സംസ്ഥാനതലത്തിൽ ഒരു ടെക്നോളജി വികസന സമിതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുള്ള വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭസാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനായി 240 കോടി രൂപ അടിസ്ഥാനമാക്കി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചു കഴിഞ്ഞു. ഈ ഫണ്ടിൽ നിന്നും അടിയന്തിര സഹായമായി ഏകദേശം 15.49 കോടി രൂപ ടെൽക്, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, ഓട്ടോ കാസ്റ്റ്, കേരളാ ഗാർമെന്റ്സ് എന്നീ കമ്പനികൾക്ക് അനുവദിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി അതാത് മേഖലകളിൽ സെക്ടർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ മുമ്പാകെ കമ്പനികൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽമേൽ നടത്തിയ പഠന റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുന്നു. കേരളാ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും ധനം ലഭ്യമാക്കുന്നതിനായി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ സെക്ടർ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്താണ് മുൻഗണനാക്രമം നിശ്ചയിക്കുന്നത്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുമായി പെർഫോർമൻസ് കോൺട്രാക്ട് ഏർപ്പെടുത്തി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. ആധുനിക സാങ്കേതിക വിദ്യാ വ്യാപനത്തിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതല സാങ്കേതിക വികസന സമിതി രൂപീകരിച്ചുകഴിഞ്ഞു. കരകൗശല മേഖലയുടെ വികസനത്തിനായി സാങ്കേതികവിദ്യ സ്വാംശീകരിക്കുവാൻ നടപടി സ്വീകരിച്ചു. ഈ മേഖലയിലെ വെങ്കല വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി ആലപ്പുഴ ജില്ലയിലെ മാന്നാറിൽ പൊതു സൗകര്യസേവന കേന്ദ്രം നിർമ്മാണം പൂർത്തിയായിവരുന്നു.

ബാംബു ഉല്പന്നങ്ങൾ ആധുനീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമായി ചൈനയിലെ ബെയ്ജിംഗ് യൂണിവേഴ്സിറ്റിയിൽ നിന്നും സാങ്കേതികവിദ്യ ലഭിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. ഈറ്റ-മുള തൊഴിലാളികൾക്ക് ബോധവൽക്കരണം നടന്നുവരുന്നു. ഈറ്റ, മുള ഉൽപ്പന്നങ്ങളുടെ നവീകരണത്തിനായി തിരുവനന്തപുരത്ത് വിതുരയിലും പത്തനംതിട്ടയിൽ പന്തളത്തും പൊതുസൗകര്യ സേവനകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു. തടി വ്യവസായത്തിന്റെ വിപുലീകരണത്തിനായി പാലക്കാട് ജില്ലയിൽ ചിറ്റൂർ തത്തമംഗലത്തും തൃശൂർ ജില്ലയിൽ മുളംതുരുത്തിയിലും പൊതുസൗകര്യ സേവനകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly